"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.പി.റ്റി. അജിമോന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1942/2022/LSGD തീയതി,തിരുവനന്തപുരം, 11-08-2022

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീ.പി.ടി.അജിമോന്റെ 14.02.2018 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 02.10.2020, 18.04.2022 എന്നീ തീയതികളിലെ ഇ6-199/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ . പി . റ്റി . അജിമോന്റെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധി ആയി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ . പി . റ്റി . അജിമോ ൻ 08.04.2002 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ രാമപുരം ഗ്രാമ പഞ്ചായത്തിൽ സേവനത്തിലിരിക്കെ 03.08.2010 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാനെ 14.11.2011 ൽ മൂന്നിലവ് ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റുകയും ചെയ്യുകയുണ്ടായി . 18.01.2012 ൽ നിലവിൽ അനധികൃത ഹാജരില്ലായ്മയിലാണെന്നും , രാമപുരത്തു നിന്നും വിടുതൽ ചെയ്യുകയോ മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലെന്ന് രാമപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് 28.01.2012 ൽ ടിയാന് കുറ്റാരോപണമെമ്മോ നല്കിയെന്നും , ആയതിന് 16.05.2013 ൽ ശ്രീ . അജിമോൻ . പി . റ്റി നല്കിയ മറുപടിയിൽ വീണ്ടും ശാരീരിക മാനസിക ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി മാപ്പപേക്ഷിച്ചുവെന്നും , ആയതിനുശേഷം 31.08.2013 ൽ ടിയാൻ മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചുവെന്നും , എന്നാൽ ടി ഗ്രാമ പഞ്ചായത്തിലും അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതുമൂലം ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിന് മുന്നോടിയായി കുറ്റാരോപണമെമ്മോ നല്കുകയും ഔപചാരിക അന്വേഷണത്തിന് ശേഷം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 02.05.2016 ൽ ടിയാന്റെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ 2 വർഷത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട് .

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ . പി . റ്റി . അജിമോന്റെ 05.03.2007 മുതൽ 27.04.2008 വരെയും 04.09.2011 മുതൽ 30.08.2013 വരെയും 03.12.2013 മുതൽ 29.05.2016 വരെയുമുള്ള കാലയളവുകൾ ഇൻക്രിമെന്റ് , ഹയർ ഗ്രേഡ് , പെൻഷൻ , ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ . എസ് . ആർ ഭാഗം 1 , ചട്ടം 8 8 പ്രകാരം ശൂന്യവേതനാവധി അ നുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(സേവന പുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, മീനച്ചിൽ ഗ്രാമപഞ്ചായത്ത്,കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ.പി.റ്റി.അജിമോൻ, ക്ലാർക്ക്, മീനച്ചിൽ ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പ് (12.07.2022ലെ 279/ധെവ-1/2020/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(201/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 11-08-2022 11:15:54
സെക്ഷൻ ഓഫീസർ